എ.വൈ.ആർ


സൂറഃ-9

# അത്തൗബ

وَقُلِ ٱعْمَلُوا۟ فَسَيَرَى ٱللَّهُ عَمَلَكُمْ وَرَسُولُهُۥ وَٱلْمُؤْمِنُونَ ۖ وَسَتُرَدُّونَ إِلَىٰ
عَـٰلِمِ ٱلْغَيْبِ وَٱلشَّهَـٰدَةِ فَيُنَبِّئُكُم بِمَا كُنتُمْ تَعْمَلُونَ ﴿١٠٥﴾

**105.** പ്രവാചകൻ അവരോടു പറയുക: കർമമനുഷ്ഠിച്ചുകൊണ്ടിരിപ്പിൻ. നിങ്ങളുടെ കർമങ്ങൾ അല്ലാഹു കാണുന്നതാകുന്നു; അവന്റെ ദൂതനും വിശ്വാസികളൊക്കെയും കാണുന്നതാകുന്നു. ഒടുവിൽ, ഗോചരവും അഗോചരവുമായ സകലതും അറിയുന്ന അല്ലാഹുവിങ്കലേക്ക് നിങ്ങൾ തിരിച്ചയക്കപ്പെടുകയും ചെയ്യും. നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതെന്തായിരുന്നുവെന്ന് അന്ന് അവൻ വിവരിച്ചുതരുന്നതാകുന്നു.

وَءَاخَرُونَ مُرْجَوْنَ لِأَمْرِ ٱللَّهِ إِمَّا يُعَذِّبُهُمْ وَإِمَّا يَتُوبُ عَلَيْهِمْ ۗ
وَٱللَّهُ عَلِيمٌ حَكِيمٌ ﴿١٠٦﴾

**106.** അല്ലാഹുവിന്റെ തീരുമാനത്തിനുവേണ്ടി കാത്തുനിർത്തപ്പെട്ട മറ്റൊരു കൂട്ടരുമുണ്ട്. ഒന്നുകിൽ അല്ലാഹു അവരെ ശിക്ഷിച്ചേക്കും; അല്ലെങ്കിൽ അവരുടെ പശ്ചാത്താപം സ്വീകരിക്കും. അല്ലാഹു എല്ലാം അറിയുന്നവനും യുക്തിമാനുമല്ലോ.

وَٱلَّذِينَ ٱتَّخَذُوا۟ مَسْجِدًا ضِرَارًا وَكُفْرًا وَتَفْرِيقًۢا بَيْنَ ٱلْمُؤْمِنِينَ وَإِرْصَادًا
لِّمَنْ حَارَبَ ٱللَّهَ وَرَسُولَهُۥ مِن قَبْلُ ۚ وَلَيَحْلِفُنَّ إِنْ أَرَدْنَآ إِلَّا ٱلْحُسْنَىٰ ۖ وَٱللَّهُ
يَشْهَدُ إِنَّهُمْ لَكَـٰذِبُونَ ﴿١٠٧﴾

**107.** സത്യവിശ്വാസികളെ ദ്രോഹിക്കാനും ദൈവധിക്കാരം പ്രവർത്തിക്കാനും വിശ്വാസികൾക്കിടയിൽ ഭിന്നിപ്പുണ്ടാക്കാനും, നേരത്തെ അല്ലാഹുവിനോടും അവന്റെ ദൂതനോടും യുദ്ധം ചെയ്തിട്ടുള്ളവർക്ക് രഹസ്യ സങ്കേതമൊരുക്കാനുമായി പള്ളി പണിത ഒരു വിഭാഗവുമുണ്ട്. ഞങ്ങൾ നന്മ മാത്രമാണാഗ്രഹിച്ചതെന്ന് അവർ സത്യം ചെയ്യും. എന്നാൽ അപ്പറയുന്നത് തികച്ചും കളവാണെന്നതിന് അല്ലാഹു സാക്ഷിയാകുന്നു.

അല്ലാഹു കാണുന്നതാകുന്നു =فَسَيَرَى ٱللَّهُ നിങ്ങൾ കർമമനുഷ്ഠിക്കുവിൻ =ٱعْمَلُوا۟ നീ(പ്രവാചകൻ അവരോടു) പറയുക =وَقُلِ
സത്യവിശ്വാസികളും (ൾക്കെയും കാണുന്നതാകുന്നു) =وَٱلْمُؤْمِنُونَ ۖ അവന്റെ ദൂതനും(കാണും) =وَرَسُولُهُۥ നിങ്ങളുടെ കർമം =عَمَلَكُمْ
ശേഷം (ഒടുവിൽ) നിങ്ങൾ തിരിച്ചയക്കപ്പെടുകയും ചെയ്യും =وَسَتُرَدُّونَ
അദൃശ്യമായതും ദൃശ്യമായതും അറിയുന്നവനിലേക്ക് (ഗോചരവും =إِلَىٰ عَـٰلِمِ ٱلْغَيْبِ وَٱلشَّهَـٰدَةِ
അഗോചരവുമായ സകലതും അറിയുന്ന അല്ലാഹുവിങ്കലേക്ക്)
അപ്പോൾ(അന്ന്)അവൻ നിങ്ങൾക്ക് വിവരിച്ചുതരുന്നതാകുന്നു =فَيُنَبِّئُكُم
മറ്റൊരു കൂട്ടർ(രും ഉണ്ട്) =وَءَاخَرُونَ നിങ്ങൾ പ്രവർത്തിച്ചിരുന്നതിനെ(ന്നത് എന്തായിരുന്നുവെന്ന്) =بِمَا كُنتُمْ تَعْمَلُونَ
അല്ലാഹുവിന്റെ കൽപന(തീരുമാനം)ക്കുവേണ്ടി =لِأَمْرِ ٱللَّهِ നിർത്തിവെക്കപ്പെട്ടവർ(കാത്തുനിർത്തപ്പെട്ടവർ) =مُرْجَوْنَ
അല്ലെങ്കിൽ അവൻ അവരുടെ പശ്ചാത്താപം സ്വീകരിക്കും =وَإِمَّا يَتُوبُ عَلَيْهِمْ ۗ ഒന്നുകിൽ അവൻ അവരെ ശിക്ഷിച്ചേക്കും =إِمَّا يُعَذِّبُهُمْ
യാതൊരു കൂട്ടരും(ഉണ്ട്) =وَٱلَّذِينَ യുക്തിമാനായ(നുമാകുന്നു) =حَكِيمٌ അല്ലാഹു എല്ലാം അറിയുന്നവനാകുന്നു =وَٱللَّهُ عَلِيمٌ
ദ്രോഹമായി(ദ്രോഹിക്കാൻ) =ضِرَارًا ഒരു പള്ളി =مَسْجِدًا അവർ എടുത്തു(പണിതു) =ٱتَّخَذُوا۟

وَكُفْرًا= നിഷേധമായും(ദൈവധിക്കാരം പ്രവർത്തിക്കാനും) وَتَفْرِيقًا= ഭിന്നിപ്പായും (ഭിന്നിപ്പുണ്ടാക്കാനും)
بَيْنَ ٱلْمُؤْمِنِينَ= സത്യവിശ്വാസികൾക്കിടയിൽ وَإِرْصَادًا= പതിയിരിക്കലായും(രഹസ്യ സങ്കേതമായും)
لِّمَنْ حَارَبَ ٱللَّهَ= അല്ലാഹുവിനോട് യുദ്ധം ചെയ്തിട്ടുള്ളവർക്ക് وَرَسُولَهُۥ= അവന്റെ ദൂതനോടും مِن قَبْلُ= നേരത്തെ
وَلَيَحْلِفُنَّ= തീർച്ചയായും അവർ സത്യം ചെയ്യും إِنْ أَرَدْنَآ= ഞങ്ങൾ ഉദ്ദേശിച്ചിട്ടില്ല(ആഗ്രഹിച്ചത്)
إِلَّا ٱلْحُسْنَىٰ= നന്മ(മാത്രമാണ്)യല്ലാതെ وَٱللَّهُ يَشْهَدُ= അല്ലാഹു സാക്ഷ്യം വഹിക്കുന്നു(സാക്ഷിയാകുന്നു) إِنَّهُمْ= തീർച്ചയായും അവർ
لَكَـٰذِبُونَ= നുണയന്മാർ തന്നെയാകുന്നു(അപ്പറയുന്നത് തികച്ചും കളവാണെന്നതിന്)

**105:** നേരത്തെ 94-ാം സൂക്തത്തിൽ കപടവിശ്വാസികൾക്ക് നൽകിയ താക്കീത് ആവർത്തിച്ചിരിക്കുകയാണ് ഇവിടെ. താൽപര്യമിതാണ്: നിങ്ങളുടെ തെറ്റുകൾക്ക് ഇപ്പോൾ മാപ്പു ലഭിച്ചിരിക്കുന്നു. പക്ഷേ, ഈ മാപ്പുകൊണ്ട് എല്ലാം തീർന്നു എന്ന് കരുതരുത്. ഈ തൗബ ആത്മാർഥമായിരുന്നുവെന്ന് നിങ്ങളുടെ ഭാവിജീവിതംകൊണ്ട് സ്ഥാപിക്കേണ്ടതുണ്ട്. അതിന് തുടർന്നും കർമം അനുഷ്ഠിച്ചുകൊണ്ടിരിക്കണം. ഏതുകർമം എന്നു വ്യക്തമാക്കപ്പെട്ടിട്ടില്ല. സംശുദ്ധമായ ജീവിതത്തിനാവശ്യമായ എല്ലാ കർമങ്ങളും അതിന്റെ ഉദ്ദേശ്യത്തിൽ പെടുന്നു. ആരാധനകളും ദാനധർമങ്ങളുമാവാം ഉദ്ദേശ്യമെന്ന് ചിലർക്കഭിപ്രായമുണ്ട്. നിങ്ങളുടെ പശ്ചാത്താപം കർമജീവിതംകൊണ്ട് സാക്ഷ്യപ്പെടുത്തുക എന്ന ആശയമാണ് أَعْمَلُوا എന്നവാക്കിന് ഈ സന്ദർഭത്തിൽ കൂടുതൽ ഉചിതമായിത്തോന്നുന്നത്. നിങ്ങളുടെ കർമങ്ങൾ അല്ലാഹു കാണുന്നുണ്ട്. നേരത്തെ ചെയ്തതുപോലുള്ള പാപങ്ങൾ ആവർത്തിച്ചാൽ ഇനിയും മാപ്പുലഭിക്കും എന്നു പ്രതീക്ഷിക്കരുത്. അല്ലാഹുവിന്റെ നടപടി പരലോകത്തല്ലേ നേരിടേണ്ടി വരികയുള്ളൂ എന്നു സമാധാനിക്കുകയും വേണ്ട. പ്രവാചകനും നിങ്ങളുടെ ചെയ്തികൾ കണ്ടുകൊണ്ടിരിക്കും. നിങ്ങൾ ഗോപ്യമായി ചെയ്യുന്ന ദ്രോഹപ്രവർത്തനങ്ങളും വഞ്ചനകളും അല്ലാഹു അദ്ദേഹത്തെ അറിയിച്ചുകൊണ്ടിരിക്കും. അല്ലാഹുവും പ്രവാചകനും മാത്രമല്ല, സത്യവിശ്വാസികളൊക്കെയും നിങ്ങളുടെ പ്രവർത്തനം കാണുകയും അതിന്റെ യാഥാർഥ്യം മനസ്സിലാക്കുകയും ചെയ്യും. കാപട്യത്തിന്റെയും വിശ്വാസ ദൗർബല്യത്തിന്റെയും ലക്ഷണങ്ങൾ കാണിച്ചവരെ ജാഗ്രതയോടെ വീക്ഷിക്കണമെന്ന് വിശ്വാസികളോട് അല്ലാഹു കൽപിച്ചിട്ടുണ്ട് (സൂക്തം101).

യഥാർഥ സത്യവിശ്വാസികളുടെ മുമ്പിൽ ഒരു കപടനും ഏറെക്കാലം തന്റെ കാപട്യം മറച്ചുപിടിക്കാനാവില്ല. വിശ്വാസിയുടെ നിഷ്കളങ്കമായ ഈമാനിന്റെ വെളിച്ചത്തിൽ കാലക്രമത്തിൽ അതു പ്രത്യക്ഷമാവുകതന്നെ ചെയ്യും. സാധാരണ ജനങ്ങളെത്തന്നെ എക്കാലത്തും വഞ്ചിച്ചുകൊണ്ടിരിക്കാൻ എത്ര സമർഥനായ കപടനും കഴിയില്ല. പ്രവാചകൻ(സ) പ്രസ്താവിച്ചതായി ഇബ്നു ഹിബ്ബാനും ബൈഹഖിയും അബൂസഈദിൽനിന്ന് ഉദ്ധരിക്കുന്നു: “നിങ്ങളിലൊരുവൻ ദ്വാരമോ കവാടമോ ഒന്നുമില്ലാത്ത കടുത്ത പാറക്കെട്ടിനകത്തുവെച്ച് ഒരു കർമം ചെയ്താലും അല്ലാഹു അത് ജനങ്ങൾക്ക് വെളിപ്പെടുത്തിക്കൊടുക്കും; ആ കർമം എന്തുതന്നെയായാലും ശരി.”

ഇനി ഈ ലോകത്ത് നിങ്ങളുടെ ഏതെങ്കിലും നീക്കം പ്രവാചകനിൽനിന്നും വിശ്വാസികളിൽനിന്നും ഒളിച്ചുവെക്കാൻ കഴിഞ്ഞാൽതന്നെ, അതെല്ലാം എല്ലാവരുടെയും മുന്നിൽ വെളിപ്പെടുന്ന ഒരുനാൾ വരുന്നുണ്ട് എന്നോർമിപ്പിക്കുകയാണ് وَسَتُرَدُّونَ എന്ന വാക്യം. അല്ലാഹു നിങ്ങളുടെ രഹസ്യവും പരസ്യവുമായ എല്ലാ ചലനങ്ങളും സൂക്ഷ്മമായി വീക്ഷിക്കുക മാത്രമല്ല, എല്ലാം യഥാവിധി രേഖപ്പെടുത്തുകയും ചെയ്യുന്നുണ്ട്. വിചാരണനാളിൽ ആ രേഖയാണ് നിങ്ങളുടെ മുന്നിൽ നിവർത്തിവെക്കുക. അതനുസരിച്ചായിരിക്കും നിങ്ങളുടെ പരലോകവിധി.

**106:** തബൂക്ക് യാത്രയിൽനിന്ന് അകാരണമായി മാറിനിൽക്കുകയും പിന്നീടതിൽ കുറ്റബോധമുണ്ടായി പശ്ചാത്തപിക്കുകയും ചെയ്തവരിൽ ആദ്യം പൊറുത്തുകൊടുക്കപ്പെട്ടവരെയാണ് മുൻ സൂക്തങ്ങൾ പരാമർശിച്ചത്. കുറ്റം സമ്മതിച്ചവരിൽ ചിലർക്ക് ഉടനെ മാപ്പു ലഭിക്കുകയുണ്ടായില്ല. അവർ മൂന്നുപേരായിരുന്നുവെന്നാണ് ചരിത്രം. കഅ്ബുബ്നു മാലിക്ക്, ഹിലാലുബ്നു ഉമയ്യ, മുറാറതുബ്നു റബീഅ് എന്നിവരായിരുന്നു അവർ. അവരുടെ കാര്യത്തിൽ അല്ലാഹുവിങ്കൽനിന്ന് പ്രവാചകന് കൽപനയൊന്നും ലഭിച്ചിട്ടുണ്ടായിരുന്നില്ല. അല്ലാഹു ശിക്ഷിക്കാൻ ഉദ്ദേശിക്കുന്നുവോ, അതല്ല മാപ്പു കൊടുക്കുമോ എന്ന സന്ദിഗ്ധാവസ്ഥയിലായിരുന്ന അവരെ വിശ്വാസികൾ ഏറക്കുറെ ബഹിഷ്കരിച്ചിരുന്നു. സ്വന്തം കുടുംബാംഗങ്ങൾ പോലും അവരോട് മിണ്ടാൻ തയാറായിരുന്നില്ല. യാതൊരു കാര്യത്തിലും വിശ്വാസികളാരും അവരോട് ഇടപെടുകയോ അവരുടെ ഇടപെടൽ അനുവദിക്കുകയോ ചെയ്തില്ല. അവരെ സംബന്ധിച്ചേടത്തോളം അത്യന്തം അസ്വസ്ഥവും ഉത്കണ്ഠാജനകവുമായിരുന്നു ഈ ഒറ്റപ്പെടൽ. ഇങ്ങനെ അമ്പതു നാളുകൾ കഴിച്ചുകൂട്ടേണ്ടി വന്നു.

ഈ മൂന്നുപേരും കപടവിശ്വാസികളായിരുന്നില്ല. ഉറച്ച വിശ്വാസികളാണെന്നു മാത്രമല്ല, നേരത്തെ ദീനിനുവേണ്ടി അതിക്ലേശകരമായ പല ജിഹാദുകളിലും പങ്കെടുത്തിട്ടുള്ളവരുമാണ്. തബൂക്ക് യാത്രക്ക് ആഹ്വാനമുണ്ടായപ്പോൾ അവർ അതിനുള്ള ഒരുക്കങ്ങൾ ഇന്നു ചെയ്യാം, നാളെ ചെയ്യാം എന്നിങ്ങനെ നീട്ടിക്കൊണ്ടുപോയി. അലസതയല്ലാതെ ഈ നീണ്ടുപോക്കിനു പറയത്തക്ക കാരണമൊന്നുമുണ്ടായിരുന്നില്ല. ആയുധവും വാഹനവും മറ്റു പാഥേയങ്ങളുമൊക്കെ അനായാസം സജ്ജീകരിക്കാൻ അവർക്ക് കഴിയുമായിരുന്നു. പക്ഷേ, ഒന്നും ചെയ്തില്ല. അങ്ങനെ പ്രവാചകനും കൂട്ടരും പുറപ്പെടുന്ന ദിവസമെത്തി. അപ്പോൾ അവർ കരുതി; പ്രവാചകനും സംഘവും പോകട്ടെ, നമുക്ക് നാളെയോ മറ്റന്നാളോ പുറപ്പെട്ട് വേഗത്തിൽ സഞ്ചരിച്ച് അവർക്കൊപ്പമെത്താം. പക്ഷേ, ദിവസങ്ങൾ കഴിഞ്ഞിട്ടും അവർ മദീനയിൽതന്നെ അവശേഷിക്കുകയായിരുന്നു. പിന്നെ പ്രവാചകൻ തിരിച്ചെത്തുമ്പോഴാണ് അവരിൽ കുറ്റബോധമുണരുന്നത്. മദീനയിലെത്തിയ പ്രവാചകൻ ഇക്കൂട്ടരുടെ തൗബ സ്വീകരിക്കുകയോ തള്ളിക്കളയുകയോ ചെയ്തില്ല. അല്ലാഹുവിന്റെ കൽപന വരുന്നതുവരെ അവരെ സസ്പെൻഷനിൽ നിർത്തുകയായിരുന്നു. ഈ സസ്പെൻഷനും അല്ലാഹുവിന്റെ നിർദേശ പ്രകാരമായിരുന്നുവെന്ന് പ്രകൃത സൂക്തത്തിൽനിന്നു വ്യക്തമാകുന്നു.

എന്തുകൊണ്ട് മൂന്നുപേരുടെ കാര്യത്തിൽ മാത്രം ഇത്ര രൂക്ഷമായ നടപടിയുണ്ടായി എന്ന് വ്യക്തമാക്കപ്പെട്ടിട്ടില്ല. ഒന്നുകിൽ കുറ്റംസമ്മതിച്ച് തൗബചെയ്യുന്നതിലും ഇവർ അലംഭാവം കാണിച്ചിരിക്കാം. മുൻ കാലങ്ങളിൽ തങ്ങൾ ചെയ്തിട്ടുള്ള സേവനങ്ങളിൽ സ്വയം നല്ല മതിപ്പുള്ളവരായിരുന്നതിനാൽ ഇപ്പോൾ ചെയ്ത തെറ്റിനെ അതർഹിക്കുന്ന ഗൗരവത്തിൽ പരിഗണിച്ചില്ലായിരിക്കാം. ചെയ്ത തെറ്റിനെക്കുറിച്ചുള്ള കുറ്റബോധത്തിന്റെയും ഖേദത്തിന്റെയും കുറവ് തൗബയുടെ ചൈതന്യം

കെടുത്തും. അതിനാൽ കുറ്റത്തിന്റെ ഗൗരവം നല്ലവണ്ണം മനസ്സിലാക്കുകയും അതിൽ ഉള്ളുരുകിയ മനസ്താപം ഉണ്ടാവുകയും ചെയ്യുന്നതുവരെ അവരുടെ തൗബ സ്വീകരിക്കുന്നതു നിർത്തിവെക്കുക ശിക്ഷണ തന്ത്രത്തിന്റെ (ഹിക്മത്തുത്തർബിയഃ) താൽപര്യമായിരുന്നിരിക്കാം. ആദ്യം കുറ്റം സമ്മതിച്ചെത്തിയവരുടെ തൗബ അല്ലാഹു ഉടനെ സ്വീകരിച്ചു. അലംഭാവം കാണിച്ചവരുടെ കാര്യം പിന്നീട് അറിയിക്കാമെന്ന് നിശ്ചയിക്കുകയും ചെയ്തു. അല്ലെങ്കിൽ, വ്യക്തികളുടെ നിലവാരമനുസരിച്ചായിരിക്കുമല്ലോ അവർ ചെയ്യുന്ന കുറ്റത്തിന്റെ ഗൗരവം. ആദ്യം മാപ്പുലഭിച്ചവരെ അപേക്ഷിച്ച് ഈ മൂന്നുപേർ ഇസ്‌ലാമിൽ കൂടുതൽ പരിചയവും പാരമ്പര്യവുമുള്ളവരും സമൂഹത്തിൽ കൂടുതൽ അംഗീകാരമുള്ളവരുമായിരിക്കാം. അവരുടെ പാരമ്പര്യത്തിനും പദവിക്കും ഒട്ടും യോജിക്കാത്ത അച്ചടക്ക ലംഘനമാണ് അവരിൽനിന്നുണ്ടായത്. അതിനാൽ അവരെ കടുത്ത അച്ചടക്ക നടപടിക്ക് വിധേയരാക്കുകയായിരുന്നു. ഖുർആൻ വ്യാഖ്യാതാക്കൾ ചൂണ്ടിക്കാണിച്ച മറ്റൊരുന്യായം ഇതാണ്: ഇസ്‌ലാമിന്റെയും മുസ്‌ലിം ഉമ്മത്തിന്റെയും നിലനിൽപിന് ഭീഷണി ഉയർന്ന ഘട്ടത്തിൽ വിശ്വാസികൾ അതിനെതിരെയുള്ള സമരത്തിൽനിന്ന് വിട്ടുനിൽക്കുന്നത് അതീവ ഗുരുതരമായ കുറ്റമാണ്. കുറ്റം സമ്മതിച്ച എല്ലാവർക്കും ഉടനെ മാപ്പുകൊടുക്കുന്നത് വിശ്വാസികൾ ആ കുറ്റത്തിന്റെ ഗൗരവം കുറച്ചുകാണാനിടയാക്കും. കപടമായ നടപടികൾ ഇസ്‌ലാമിക സമൂഹം വെച്ചുപൊറുപ്പിക്കില്ല എന്ന് വിശ്വാസികളും കപടന്മാരും നല്ലവണ്ണം മനസ്സിലാക്കേണ്ടതുണ്ടായിരുന്നു. അതിനുവേണ്ടി നേരത്തെ സമൂഹത്തിൽ പ്രമുഖരും കറപുരളാത്തവരുമായി അറിയപ്പെട്ടവരിൽനിന്ന് ആ കുറ്റം ചെയ്തവർക്കെതിരെ കർശനമായ അച്ചടക്ക നടപടിയെടുക്കുകയായിരുന്നു.

**107:** മദീനയിലുണ്ടായിരുന്ന മറ്റൊരു വിഭാഗം കപടവിശ്വാസികളെയും അവരുടെ കുതന്ത്രങ്ങളെയുമാണ് ഈ സൂക്തം പരാമർശിക്കുന്നത്. കൂടുതൽ സമർഥവും ആപൽക്കരവുമായിരുന്നു ഇവരുടെ കാപട്യം. സാധാരണ വിശ്വാസികളെക്കാൾ ഭക്തരും ദീനീ കാര്യങ്ങളിൽ ഉത്സുകരുമായിട്ടാണ് അവർ പൊതുരംഗത്ത് പ്രത്യക്ഷപ്പെട്ടിരുന്നത്. ഇതുവഴി സാധാരണക്കാരുടെ സംശയദൃഷ്ടിയിൽനിന്ന് മറഞ്ഞുനിൽക്കാനും സാത്വികരായ പലവിശ്വാസികളെയും അവരറിയാതെ സ്വന്തം ഗൂഢപ്രവർത്തനങ്ങളിൽ പങ്കാളികളാക്കാനും അവർക്കു കഴിഞ്ഞു. ഇവിടെ സൂചിപ്പിക്കുന്ന മസ്ജിദുദ്ദിറാർ സംഭവം ചരിത്രഗ്രന്ഥങ്ങൾ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

ജാഹിലിയ്യാ കാലത്ത് -ഇസ്‌ലാം മദീനയിലെത്തുന്നതിന് അൽപം മുമ്പ്- അവിടെ അബൂആമിർ എന്നൊരാൾ ക്രിസ്തുമതം സ്വീകരിച്ചിരുന്നു. അയാൾ കുറച്ചാളുകളെ തന്റെ കൂടെകൂട്ടി അവരുടെ പുരോഹിതനായി വാണു. അബൂആമിർ പുരോഹിതൻ (റാഹിബ്) എന്നാണ് അയാൾ അറിയപ്പെട്ടിരുന്നത്. തന്റെ മതം വളർത്തി അതിന്റെ ആചാര്യനെന്നനിലയിൽ മദീനയുടെ അധിപതിയാവുകയായിരുന്നു അയാളുടെ സ്വപ്നം. ഇസ്‌ലാമിന്റെ പ്രചാരണവും പ്രവാചകന്റെ ആഗമനവും ഈ സ്വപ്നങ്ങളെ തകിടംമറിച്ചു. അബൂആമിറിന്റെ ശിഷ്യന്മാരിൽ കുറേപേർ ഇസ്‌ലാം സ്വീകരിച്ചു. മദീനയുടെ ആത്മീയവും ഭൗതികവുമായ നേതൃത്വം മുഹമ്മദ് നബിയുടെ കൈകളിലണഞ്ഞു. സ്വാഭാവികമായും അബൂആമിറിന്റെ ചിന്ത മുഹമ്മദ് നബിയെ മദീനയിൽനിന്ന് പുറത്താക്കുന്നതിനെ കുറിച്ചായി. ബദ്ർ യുദ്ധത്തിൽ മുസ്‌ലിംകൾക്കുണ്ടായ വിജയം അയാളെ ക്രുദ്ധനാക്കി. ഉഹുദിൽ അയാൾ ഖുറൈശികളെ സഹായിച്ചു. മുഹമ്മദിനെതിരെ ആരു യുദ്ധം ചെയ്താലും താൻ അവരോടൊപ്പം ചേർന്ന് യുദ്ധം ചെയ്യുമെന്ന് അയാൾ പ്രസ്താവിക്കുകയുണ്ടായി. ഉഹുദ് യുദ്ധത്തിനുശേഷം മദീനക്കെതിരെ സഖ്യസേന രൂപീകരിക്കാൻ ഖുറൈശികളെ പ്രേരിപ്പിക്കുന്നതിലും അഹ്സാബ് യുദ്ധം സംഘടിപ്പിക്കുന്നതിലും ഈ അബൂആമിറും പങ്കുവഹിച്ചിരുന്നു. അഹ്സാബ് യുദ്ധവും ഖുറൈശികളുടെ പരാജയത്തിൽ കലാശിച്ചപ്പോൾ അബൂആമിർ മക്കയിൽചെന്നു താമസമാക്കി. മക്ക വിമോചിപ്പിക്കപ്പെട്ടപ്പോൾ ത്വാഇഫിലേക്കുപോയി. ത്വാഇഫുകാരും ഇസ്‌ലാം സ്വീകരിച്ചപ്പോൾ അബൂആമിർ റോമിലേക്ക് പോയി. പ്രവാചകനെതിരെ സീസറിനോട് സൈനിക സഹായം തേടുകയായിരുന്നു ലക്ഷ്യം. താൻ ശാമിൽനിന്ന് സീസറിന്റെ പടയുമായി മദീനയിലെത്തുമെന്നും അപ്പോൾ തങ്ങളെ സ്വീകരിക്കാനും സഹായിക്കാനും വേണ്ട ഒരുക്കങ്ങൾ ചെയ്യണമെന്നും അതിനായി ഒരു കേന്ദ്രം നിർമിക്കണമെന്നും അയാൾ മദീനയിലെ ശിഷ്യന്മാർക്ക് എഴുതി.

ഈ നിർദേശമായിരുന്നു മസ്ജിദുദ്ദിറാർ നിർമാണത്തിന്റെ പ്രേരകം. ഇസ്‌ലാമിനെതിരെയുള്ള കേന്ദ്രം പള്ളി എന്ന ലേബലിൽ നിർമിക്കുന്നതിൽ രണ്ടു ദുഷ്ടലാക്കുകളുണ്ടായിരുന്നു. ഒന്ന്, വിശ്വാസികളാരും അതിനെ സംശയിക്കുകയില്ലെന്നു മാത്രമല്ല അവരെ അതിൽ ഭാഗഭാക്കാക്കുകയും ചെയ്യാം. രണ്ട്, ഔസ് ഗോത്രത്തിന്റെ ഉപഗോത്രമായ ബനൂ അംറിബ്നു ഔഫ് ഖുബാഇൽ ഒരു പള്ളി നിർമിച്ചിരുന്നു. മദീനാ പട്ടണത്തിൽനിന്ന് രണ്ടു മൈൽ തെക്കായി സ്ഥിതിചെയ്യുന്ന പ്രാന്തപ്രദേശമാണ് ഖുബാഅ്. ഹിജ്റചെയ്ത് മദീനയിലെത്തിയ പ്രവാചകൻ ആദ്യത്തെ നാലുനാൾ താമസിച്ചത് ഇവിടെയായിരുന്നു. രണ്ടു മൈലകലെയുള്ള മസ്ജിദുന്നബവിയിലെത്താൻ പ്രയാസമുള്ള വൃദ്ധന്മാർക്കും സ്ത്രീകൾക്കും കുട്ടികൾക്കും മറ്റു പ്രയാസങ്ങളുള്ളവർക്കും സംഘടിത നമസ്കാരത്തിന് സൗകര്യമേർപ്പെടുത്തുകയായിരുന്നു അതിന്റെ ലക്ഷ്യം. പള്ളിപണി പൂർത്തിയായപ്പോൾ അവർ പ്രവാചകനെ ക്ഷണിച്ചു. പ്രവാചകൻ അവിടെ വന്ന് നമസ്കരിക്കുകയും ചെയ്തു. ഖസ്റജ് ഗോത്രത്തിന്റെ ഉപഗോത്രമായ ബനൂഗുൻമിൽ ഔസുകാരായ ബനൂഅംറിബ്നു ഔഫിനോട് അസൂയയും കുനിഷ്ഠും വളർത്താൻ കപടന്മാർ ഈ അവസരം ഉപയോഗിച്ചു. ബനൂഅംറ് ചെയ്തപോലെ തങ്ങൾക്കും ഒരു പള്ളി നിർമിക്കണമെന്നും അവിടെ പ്രവാചകനെ ക്ഷണിച്ചുവരുത്തി നമസ്കരിപ്പിക്കണമെന്നും അവർക്കും വാശിയായി. ഈ വാശി മുതലെടുക്കാൻ പള്ളിനിർമാണത്തിന് ഗുൻമ് ഗോത്രത്തിന്റെ മേൽവിലാസം നൽകി. ഔസ്-ഖസ്റജ് ഗോത്രവൈരം വളർത്താനും ഇതുവഴി അവർക്കു കഴിഞ്ഞു. റാഹിബ് അബൂആമിറും പടയും എത്തുന്നതുവരെ പുറമെക്ക് അതൊരു പള്ളിയായിത്തന്നെ നിലനിർത്താനും തുടർന്ന് അയാൾക്ക് ഏൽപിച്ചുകൊടുക്കാനുമായിരുന്നു തീരുമാനം. പള്ളിയുടെ പണിതീർന്നപ്പോൾ അവർപോയി പ്രവാചകനെ ക്ഷണിച്ചു. അപ്പോഴദ്ദേഹം ത്വബൂക്ക് യാത്രയുടെ തിരക്കിലായിരുന്നു. ത്വബൂക്കിൽനിന്ന് തിരിച്ചെത്തിയശേഷം വരാം എന്നു പറഞ്ഞ് അദ്ദേഹം അവരെ തിരിച്ചയച്ചു. ത്വബൂക്ക് യാത്രക്ക് ശേഷം അവതരിച്ച ഈ ഖുർആൻ സൂക്തങ്ങൾ പ്രവാചകനെ ആ പള്ളിസന്ദർശനത്തിൽനിന്ന് വിലക്കുകയും ചെയ്തു. തുടർന്ന് ആ ഗൂഢാലോചനാകേന്ദ്രം തകർത്തുകളയാൻ തിരുമേനി(സ) ചില ശിഷ്യന്മാരെ നിയോഗിക്കുകയായിരുന്നു.

ഈ ഗൂഢാലോചനാ കേന്ദ്രത്തിന് വിശ്വാസികളെ എത്രത്തോളം വഞ്ചിക്കാൻ കഴിഞ്ഞു എന്നതിന്റെ തെളിവാണ് അവിടെ ഇമാമായി നിശ്ചയിക്കപ്പെട്ട മുജമ്മിഅ് ബിനു ജാരിയഃ. ഇദ്ദേഹം നിഷ്കളങ്കനായ വിശ്വാസിയായിരുന്നു. മസ്ജിദുദ്ദിറാറിൽ ഇമാമായിരുന്നതിന്റെ പേരിൽ രണ്ടാം ഖലീഫ ഉമർ(റ) അദ്ദേഹത്തെ

ഖുബാ മസ്ജിദിൽ ഇമാമാകുന്നതിൽനിന്ന് വിലക്കുകയുണ്ടായി. മുജമ്മിഅ് മുനാഫിഖുകളാൽ വഞ്ചിക്കപ്പെടുകയായിരുന്നുവെന്ന് പിന്നീട് ഉമറിനു ബോധ്യപ്പെട്ടപ്പോൾ ഖുബാ മസ്ജിദിലെ ഇമാമത്ത് അദ്ദേഹത്തിന് അനുവദിച്ചുകൊടുക്കുകയായിരുന്നു.

മസ്ജിദുദ്ദിറാർ നിർമിക്കാൻ മുൻകൈയെടുത്തത് ഇവരായിരുന്നു: ജുദാമുബ്നു ഖാലിദ്, സഅ്ലബതുബ്നു ഹാത്വിബ്, ഹുസാമുബ്നു ഉമയ്യ, മുഅ്തബബ്നു ഖുശൈർ, അബൂഹബീബ്ബിനു അസ്അർ, ഉസ്മാദ്ബ്നു ഹനീഫ്, ജാരിയബ്നു ആമിർ, സൈദ്, നബ്തൽബ്നു ഹാരിഥ്, യഖ്ദജ് ബ്നു ഉസ്മാൻ, വദീഅ ബിനു സാബിത്. മുജമ്മഇന്റെ പുത്രന്മാർ. ഇബ്നു ഇസ്ഹാഖ് ഇവരുടെ പേരുദ്ധരിച്ചിട്ടുണ്ട്. പള്ളിയുടെ ലേബലിൽ സ്ഥാപിക്കപ്പെട്ടത് രാജ്യദ്രോഹപരമായ ഗൂഢാലോചനകൾക്കുള്ള കേന്ദ്രമാണെന്ന് ഖുർആൻ വെളിപ്പെടുത്തിയപ്പോൾ പ്രവാചകൻ ആ മന്ദിരം തകർക്കാനായി നിയോഗിച്ചത് ആമിർ ബിനു അസ്സക്കൻ, വഹ്ശി (ഹംസ(റ)യുടെ ഘാതകൻ), മഅ്നുബ്നു അദിയ്യ്, മലിക് ബ്നു അദ്ദുഖ്ശം എന്നിവരെയായിരുന്നുവെന്നും നിവേദനമുണ്ട്. ഇവരുടെ വരവുകണ്ട് 'പള്ളി'യിലുണ്ടായിരുന്നവർ ഓടിപ്പോയി. 'പള്ളി' തീവെച്ച് നശിപ്പിക്കപ്പെട്ടു. പിന്നീടവിടം ചവറുകൾ തള്ളുന്ന സ്ഥലമായി മാറി.

ഈ സൂക്തത്തിലെ مَسْجِدًا ضِرَارًا എന്ന പരാമർശത്തിൽനിന്നാണ് കപടന്മാരുടെ നിർമിതിക്ക് 'മസ്ജിദുദ്ദിറാർ' എന്ന പേരു വന്നത്. മൂലത്തിലെ ضرار, അവനവന് ഗുണമൊന്നുമില്ലാതെ അന്യനെ ദ്രോഹിക്കുകയാണ്. അവനവന്റെ ഗുണത്തിനുവേണ്ടി അന്യനെ ദ്രോഹിക്കുന്നതിന് ضرر എന്ന് പറയുന്നു. ضارയുടെ മൂലപദമാണ് ضرار. ഇവിടെ അതുപയോഗിച്ചിട്ടുള്ളത്, مضارة (ദ്രോഹിക്കാനുള്ള ഇടം) എന്ന അർഥത്തിലാണ്. വിശ്വാസികളെ ദ്രോഹിക്കാനുള്ള കേന്ദ്രമായി എന്നാണ് താൽപര്യം. പുതിയ പള്ളി മുസ്‌ലിംകൾക്ക് പൊതുവിലും നേരത്തെയുള്ള ഖുബാ മസ്ജിദിന്റെ ആളുകൾക്ക് വിശേഷിച്ചും ദ്രോഹകരമായിരുന്നു. 'നിഷേധമായിട്ടും' എന്നാണ് كُفْرًا എന്ന വാക്കിനർഥം. പുതിയ നിർമിതി സത്യനിഷേധവും ദൈവധിക്കാരത്തിലധിഷ്ഠിതമായ പ്രവർത്തനങ്ങൾക്കുള്ള കേന്ദ്രവുമാണെന്ന് താൽപര്യം. ഇസ്‌ലാമിനോട് യുദ്ധത്തിനൊരുക്കംകൂട്ടുന്ന അബൂആമിറിന്റെ നിർദേശപ്രകാരം അയാളെ സ്വാഗതംചെയ്യാനും സഹായിക്കാനുമാണല്ലോ അതു നിർമിക്കപ്പെട്ടത്. ഇപ്പോൾ ഔസ്-ഖസ്‌റജ് ഭേദമില്ലാതെ മസ്ജിദു ഖുബാഇൽ പോയ്ക്കൊണ്ടിരിക്കുന്ന വിശ്വാസികളിൽനിന്ന് ഖസ്‌റജുകാരെ പിന്തിരിപ്പിച്ച് പുതിയ സങ്കേതത്തിലേക്കാകർഷിക്കുകയും അങ്ങനെ ഔസ്-ഖസ്‌റജ് ഗോത്രവൈരം മൂർച്ചിക്കുകയും ചെയ്യുക എന്നതും മസ്ജിദുദ്ദിറാറിന്റെ ലക്ഷ്യമായിരുന്നുവെന്നാണ് وَتَفْرِيقًا بَيْنَ الْمُؤْمِنِينَ എന്ന വാക്യത്തിന്റെ താൽപര്യം. أرصد എന്ന ക്രിയയുടെ മൂലപദമാണ് إرصاد. അവസരം പാർത്തിരിക്കൽ, ശത്രുവിനെതിരെ പതിയിരിക്കൽ, നിരീക്ഷിച്ചിരിക്കൽ എന്നാണർഥം. مرصاد (പതിയിരിക്കുന്ന സ്ഥലം) എന്ന അർഥത്തിലാണ് ഇവിടെ إِرْصَادًا ഉപയോഗിച്ചിട്ടുള്ളത്. ഇസ്‌ലാമിനോട് യുദ്ധത്തിനൊരുങ്ങുന്ന അബൂആമിറിനും സംഘത്തിനും ഉള്ള ഒളിസങ്കേതമായിട്ടാണ് മസ്ജിദുദ്ദിറാർ നിർമിക്കപ്പെട്ടിരിക്കുന്നത് എന്നാണ് സാന്ദർഭികമായ താൽപര്യം. അഹ്സാബിലും ഹുനൈനിലുമൊക്കെ മുസ്‌ലിംകൾക്കെതിരെ യുദ്ധംചെയ്ത് പാരമ്പര്യമുള്ളയാളാണ് അബൂആമിർ.

കപടന്മാരുടെ സ്ഥിരം തന്ത്രത്തെക്കുറിച്ചോർമിപ്പിക്കുകയാണ് وَلَيَحْلِفُنَّ إِنْ أَرَدْنَا إِلَّا الْحُسْنَىٰ (ഞങ്ങൾ നന്മ മാത്രമാണ് ആഗ്രഹിച്ചതെന്ന് അവർ സത്യം ചെയ്യും) എന്ന വാക്യം. ഈ സത്യത്തിൽ സത്യം ഒട്ടുമില്ല. മസ്ജിദുദ്ദിറാർ ഒരു ഗൂഢാലോചനാ കേന്ദ്രം തന്നെയാണെന്നതിൽ യാതൊരു സംശയവും വേണ്ട എന്നാണ് 'അവർ കള്ളം പറയുകയാണെന്നതിന് അല്ലാഹു സാക്ഷിയാകുന്നു' -وَاللَّهُ يَشْهَدُ إِنَّهُمْ لَكَاذِبُونَ- എന്ന വാക്യത്തിന്റെ താൽപര്യം.

ഈ സംഭവത്തെ ആധാരമാക്കി ഫുഖഹാക്കൾ പള്ളിനിർമാണം സംബന്ധിച്ച് സുപ്രധാനമായ ചില നിയമങ്ങൾ നിർധാരണം ചെയ്തിട്ടുണ്ട്. 1) പള്ളി നിർമിക്കുന്നതിന്റെ പ്രേരകം നിഷ്കളങ്കമായ ദൈവഭക്തിയായിരിക്കണം. അതല്ലാത്ത ഭൗതിക താൽപര്യങ്ങളാൽ പ്രേരിതമായി നിർമിക്കപ്പെടുന്ന പള്ളികൾക്ക് അല്ലാഹുവിന്റെ മന്ദിരങ്ങൾ എന്ന പവിത്രതയില്ല. 2) തൗഹീദിനു -ഏകദൈവവിശ്വാസത്തിന്- വിരുദ്ധമായ ആശയങ്ങളാൽ പ്രേരിതമായി നിർമിക്കപ്പെടുന്ന പള്ളികൾക്കും പവിത്രതയില്ല. 3) പള്ളിയുടെ അടിസ്ഥാനലക്ഷ്യം സമൂഹത്തിൽ ഐക്യവും യോജിപ്പും ഉണ്ടാക്കുകയും ജനങ്ങളെ ദൈവഭക്തിയിലേക്കും ധർമത്തിലേക്കും നയിക്കുകയുമാണ്. അതുകൊണ്ട് സമുദായത്തിൽ വിഭാഗീയത വളർത്തുന്ന വിധത്തിൽ പള്ളികൾ നിർമിക്കപ്പെട്ടുകൂടാ. മാലികീ മദ്ഹബ് പ്രകാരം, ദുരുദ്ദേശ്യ പ്രേരിതമായോ പേരിനും പ്രശസ്തിക്കും വേണ്ടിയോ നിർമിക്കപ്പെടുന്ന പള്ളികൾക്കെല്ലാം മസ്ജിദുദ്ദിറാറിന്റെ വിധി ബാധകമാണ്. അവയിൽ നമസ്കരിക്കുന്നത് അനുവദനീയമല്ല. ഒരു മസ്ജിദിനു തൊട്ടടുത്ത് മറ്റൊരു പള്ളി നിർമിക്കുന്നതും അനുവദനീയമല്ല. അത്തരം നിർമാണം തടയപ്പെടേണ്ടതും നിർമിക്കപ്പെട്ടാൽ പൊളിച്ചു മാറ്റപ്പെടേണ്ടതുമാകുന്നു. ഒരേ മഹല്ലിൽ രണ്ടു പള്ളികളിൽ ജുമുഅ നടത്താൻ പാടില്ല. രണ്ടു ജുമുഅ നടന്നാൽ അതിൽ ആദ്യം നടന്നതേ സാധുവാകൂ. എന്നാൽ അനിവാര്യമായ കാരണങ്ങളുണ്ടെങ്കിൽ ഒരേ സ്ഥലത്ത് ഒന്നിലധികം പള്ളി നിർമിക്കുന്നത് അനുവദനീയമാണ്. നിലവിലുള്ള പള്ളിയുടെ സ്ഥലപരിമിതി ഒരു ന്യായമായ കാരണമാകുന്നു. നിലവിലുള്ള പള്ളി ശത്രുക്കളുടെ കൈയിലകപ്പെടുക, അതിൽ നമസ്കാരം വിലക്കപ്പെടുക, അല്ലെങ്കിൽ വിശ്വാസികളിൽ ഒരു വിഭാഗത്തിന് മതപരമോ ഭൗതികമോ ആയ ദ്രോഹമുണ്ടാക്കുന്ന വിധത്തിൽ നടത്തപ്പെടുക തുടങ്ങിയവയും വേറെ പള്ളിനിർമിക്കാൻ മതിയായ കാരണങ്ങളാകുന്നു. മാലികികളുടെ വീക്ഷണത്തിൽ ഒരു പള്ളിയിൽ വ്യത്യസ്ത ഇമാമുകളുടെ നേതൃത്വത്തിൽ ഒന്നിലധികം ജമാഅത്തുകൾ നടത്തുന്നതും അനുവദനീയമല്ല. മറ്റു മദ്ഹബുകൾ ഈ വീക്ഷണത്തോട് യോജിക്കുന്നില്ല. 4) ദൈവാരാധനക്കുവേണ്ടി നിർമിക്കപ്പെടുന്ന മസ്ജിദുകളാണെങ്കിലും അത് ജനങ്ങൾക്ക് ദ്രോഹകരമായിത്തീരുമെങ്കിൽ തടയപ്പെടേണ്ടതാണ്. കിണർ, സത്രം പോലുള്ള പ്രത്യക്ഷത്തിൽ ജനോപകാരപ്രദമായ നിർമിതികൾ യഥാർഥത്തിൽ ജനദ്രോഹകരമായിത്തീരുകയാണെങ്കിൽ വിലക്കപ്പെടുന്നതുപോലെയാണ് ഇതും. 'തന്റെ സഹോദരന്നോ അയൽക്കാരന്നോ ദ്രോഹമുണ്ടാക്കുന്നവൻ തടയപ്പെടണം' -من أدخل على أخيه أو جاره ضرارا منع- എന്നതാണ് ഇതിലടങ്ങിയ തത്ത്വം. 5) വിശ്വാസത്തിലും സന്മാർഗികതയിലും സംശയിക്കപ്പെടുന്നവരെ പള്ളിയിൽ ഇമാമായി നിയോഗിക്കരുത്. മുജമ്മിഅ് ബ്നു ജാരിയതിന്റെ നിരപരാധിത്വം ബോധ്യപ്പെടുന്നതുവരെ അദ്ദേഹം മസ്ജിദ് ഖുബാഇൽ ഇമാമാകുന്നത് ഉമർ(റ) വിലക്കിയതാണ് ഇതിനു തെളിവ്.

കേരളം പോലുള്ള ചില പ്രദേശങ്ങളിൽ പള്ളി നിർമാണത്തിൽ മത്സരം പ്രകടമാകുന്നുണ്ട്. ഇങ്ങനെ നിർമിക്കപ്പെടുന്ന പള്ളികളിൽ ചിലതെങ്കിലും മസ്ജിദുദ്ദിറാർ ആയിത്തീരാൻ സാധ്യത ഏറെയാണ്. പണ്ടുകാലത്ത് തികഞ്ഞ സദുദ്ദേശ്യത്തോടെ നിർമിക്കപ്പെട്ട പല പള്ളികളും ഇപ്പോൾ കൈവശംവെക്കുന്നവർ മസ്ജിദുദ്ദിറാർ ആയി ഉപയോഗിച്ചുകൊണ്ടിരിക്കുന്നു എന്നതും ഗൗരവമേറിയ സംഗതിയാണ്. ■